# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2125 10.10.2011-ലെ മറുപടിക്ക്

## ചീക്കോട് കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ. എളമരം കരീം | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽപ്പെട്ട ഫറോക്ക് കരുവൻതുരുത്തിയിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണ് ; | (എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽപ്പെട്ട ഫറോക്ക് - കരുവൻതുരുത്തി വില്ലേജുകളിൽ ശുദ്ധജലവിതരണം നടത്തുന്നതിന് വേണ്ടി സ്ഥാപിക്കുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തി 60% പൂർത്തീകരിച്ചുകഴിഞ്ഞു. 2012 മാർച്ചിൽ വിതരണശൃംഖലയുടെ പ്രവൃത്തി പൂർത്തീകരിയ്ക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) ചീക്കോട് പദ്ധതിയുടെ പ്രധാന പൈപ്പ് ലൈൻ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരെ ഏൽപ്പിച്ചിട്ടുണ്ടോ ; | (ബി) ചീക്കോട് പദ്ധതിയുടെ പ്രധാന പൈപ്പു ലൈൻ പ്രവൃത്തികളുടെ ദർഘാസുകൾ പരിശോധനയിലാണ്. ദർഘാസുകൾ എത്രയും പെട്ടെന്ന് തീർപ്പ് കൽപ്പിച്ച് കരാറുകാരെ ഏൽപിക്കുന്നതാണ്. |
| (സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവും എന്ന് അറിയിക്കാമോ ? | (സി) 2011 ഡിസംബർ മാസത്തോടെ പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ